പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -7311 | 16.07.2012 ൽ മറുപടിക്ക്

റോഡ്സ് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) നിയോജക മണ്ഡല അടിസ്ഥാനത്തിൽ റോഡ്സ് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തന പരിധി ക്രമീകരിച്ച് സൗകര്യാർത്ഥം ഓഫീസ് പുന:സംഘടന നടത്തുവാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച് നാറ്റ്പാക്കിന്റെ പഠനറിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ വിശദമായ ശുപാർശയും അഭിപ്രായവും അറിയിക്കുവാൻ ഭരണവിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേപ്പറ്റി 26/06/2012- ന് എം.എൽ.എമാർ മുൻപാകെ ഒരു പ്രസന്റേഷൻ നടത്തിയിരുന്നു. |
| (ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ജില്ലയിലെ ഏതൊക്കെ റോഡ്സ് സെക്ഷന്റെ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത് ; | (ബി) | ചാത്തന്നൂർ നിയോജക മണ്ഡലം നിലവിൽ അഞ്ച് റോഡ് സെക്ഷൻ ഓഫീസുകളുടെ പരിധിയിലായിട്ടാണ് ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ താഴെ നൽകുന്നു.<br>1. ചാത്തന്നൂർ (കൊല്ലം ജില്ല) - 132.338 കി.മീ.<br>2. ഏഴുകോൺ (കൊല്ലം ജില്ല) - 35.082 കി.മീ<br>3. കുണ്ടറ (കൊല്ലം ജില്ല) -4.100 കി.മീ<br>4. വർക്കല (തിരുവനന്തപുരം ജില്ല) -4.440 കി.മീ<br>5. കിളിമാനൂർ (തിരുവനന്തപുരം ജില്ല) - 2.000 കി.മീ |

.....2

(സി) നിരവധി സെക്ഷനുകളുടെ കീഴിൽ ഒരു നിയോജകമണ്ഡലത്തിലെ റോഡുകൾ ഉൾപ്പെടുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

(സി) പുനഃസംഘടനയിൽ സംഭവിച്ചിട്ടുള്ള സെക്ഷനുകളുടെ ദൂരവ്യതിയാനവൈരുദ്ധ്യങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ എം.എൽ.എ – മാരുടെ അഭിപ്രായവുംകൂടി കണക്കിലെടുത്തായിരിക്കും തീരുമാനമെടുക്കുന്നത്.

സെക്ഷൻ ഓഫീസർ